# The way of the Lord (Proverbs 10:29)

## യഹോവയുടെ വഴി (സദൃ: 10:29)




യഹോവയുടെ വഴി നേരുള്ളവന് ഒരു ദുർഗ്ഗം (സദൃ:10:29

നേരുള്ളവരുടെ നീതി അവരെ വിടുവിക്കും (സദൃ:11:6)

നിഷ്ക്കളങ്കന്റെ നീതി അവന്റെ വഴിയെ ചൊവ്വാക്കും, (സദൃ:11:5)

നേരുള്ളവരുടെ നിഷ്ക്കളങ്കത്വം അവരെ വഴിനടത്തും (സദൃ 11:3)

എന്നാൽ ദുഷ്പ്രവർത്തി ചെയ്ത് സാത്താന്റെ വഴിയിലൂടെ യാത്ര ചെയ്യുന്നവർ വ്യാജഭാവമുള്ളവരാകയാൽ അവരുടെ പ്രവർത്തികൾ മൂലം അവർ നശിക്കുകയും തങ്ങളുടെ ദ്രോഹത്താൽ അവർ പിടിപെടുകയും ചെയ്യുന്നു.

യഹോവയുടെ വഴിയിൽ ഒരാൾ യാത്രചെയ്യണമെങ്കിൽ അദ്ദേഹം നിഷ്ക്കളങ്കനും, നേരുള്ളവനും ആയിരിക്കണം. ഈ ഗുണങ്ങളോടെ ഈ വഴിയിൽ വരണമെങ്കിലും മുൻപോട്ട് ഓടണമെങ്കിലും തെരഞ്ഞെടുപ്പും, പ്രത്യേകമായ കഠിന പരിശീലനവും ആവശ്യമാണ്. കാട്ടിലെ ആനയെ പരിശീലനം ചെയ്ത് നാട്ടാന ആക്കുമ്പോൾ അതിനേക്കാൾ ബലഹീനനായ ഒരു മനുഷ്യൻ പറയുന്നതു പോലും അത് അനുസരിക്കുന്നു. നല്ല ഓട്ടക്കാർ പരിശീലനം കഴിഞ്ഞിട്ടേ മത്സരങ്ങളിൽ പങ്കെടുക്കുകയുള്ളു. കഠിന പരിശീലനമാണ് അവരുടെ വിജയരഹസ്യം പരിശീലകന്റെ നിർദ്ദേശവും അവർ പൂർണ്ണമായി അനുസരിക്കണം.

ആത്മീയ ഓട്ടക്കളത്തിലെ അഥവാ യഹോവയുടെ വഴിയിലെ ഓട്ടക്കാരാണ് ദൈവമക്കളായ നമ്മൾ ഓരോരുത്തരും. തിരഞ്ഞെടുപ്പ് നടത്തുന്നതും, നിർദ്ദേശങ്ങൾ നൽകുന്നതും പ്രധാന പരിശീലകനായ യഹോവയാം ദൈവമത്രെ. എപ്പോഴും നമ്മോടൊപ്പം നിന്ന് നമ്മുടെ കാര്യസ്ഥനും പരിശീലകനുമായി പ്രവർത്തിപ്പാൻ തന്റെ പരിശുദ്ധത്മാവിനെ അവൻ നമുക്ക് ദാനമായി തന്നിരിക്കുന്നു. 1 കൊരിന്ത്യർ (9:24) ൽ പൗലോസ് പറയുന്നത് നാം ഓടുന്നത് പ്രാപിപ്പാൻ തക്കവണ്ണം ആയിരിക്കണം എന്നാണ്, എന്താണ് പ്രാപിക്കേണ്ടത് ? വാടാത്തകിരീടം.

അപ്പോ: പ്രവർത്തികളിൽ നിന്നും ശൗലിന്റെ തെരഞ്ഞെടുപ്പും, യഹോവയുടെ വഴിയിൽ അദ്ദേഹം എത്തിയത് എങ്ങനെയെന്നും കഠിനമായ പരിശീലനം എപ്രകാരമായിരുന്നു

എന്നും പഠിക്കുന്നത്, ആത്മീയ ഓട്ടക്കളത്തിലോടുവാൻ നമുക്ക് സഹായകരമാകും . ശൗലിന്റെ പഴയ വഴി ക്രിസ്തീയ മാർഗ്ഗത്തിലൂടെ യാത്രചെയ്യുന്നവരെ ഉപദ്രവിക്കുകയും, കൊല്ലുകയും ചെയ്യുന്നതായിരുന്നു. സ്തേഫാനോസിനെ കുല ചെയ്തത് ശൗലിന്റെ സമ്മതമായിരുന്നു. പിന്നെ എന്തുകൊണ്ട് യേശു ഈ യഹൂദനെ കണ്ടെത്തി ? ഗമാലിയേലിന്റെ കാൽക്കൽ ഇരുന്ന് ന്യായപ്രമാണം സൂക്ഷ്മതയോടെ അഭ്യസിച്ചവൻ, ദൈവസേവയിൽ എരിവുള്ള യഹൂദനായിരുന്നു. താൻ പഠിച്ച, തന്നെ താനാക്കിയ പ്രമാണത്തിനുവേണ്ടി സത്യസന്ധനായി നിന്നവനായിരുന്നു ശൗൽ. അതു കൊണ്ടാണ് പരിശീലകൻ അവനെ തിരഞ്ഞെടുത്തത്.

ഒരു വെളിച്ചം അവന്റെയും കൂട്ടരുടെയും പഴയ വഴിയെ തടഞ്ഞു. കണ്ണിന്റെ കാഴ്ച നഷ്ടപ്പെടുത്തിയ കാഴ്ചയായിരുന്നു ശൗലിന് ഈ വലിയ വെളിച്ചം കൂടെയുള്ളവർക്ക് ആ വെളിച്ചം മൂലം ഒന്നും സംഭവിച്ചില്ല. ശൗലിന് കാഴ്ച നഷ്ടപ്പെട്ടു എങ്കിലും ശൗൽ കേട്ട ശബ്ദം അവർക്ക് കേൾക്കുവാൻ കഴിഞ്ഞില്ല യഹോവയുടെ വഴിയിൽ എത്തേണ്ടവർ വെളിച്ചം കാണുകയും, ശബ്ദം കേൾക്കുകയും ചെയ്യണം. ഇതാണ് തെരഞ്ഞെടുപ്പിന്റെ ഒന്നാം ഘട്ടം. പുതിയ വഴിയിലേക്ക് വരേണ്ടവന്റെ ഹൃദയം കീറിമുറിക്കുന്ന ചോദ്യമാണ് ശൗൽ കേട്ടത്. "നീഎന്നെ ഉപദ്രവിക്കുന്നതെന്ത് ? മറുപടി ചോദ്യത്തിലൊതുങ്ങി", കർത്താവേ നീ ആർ ? "നീ ഉപദ്രവിക്കുന്ന നസറായനായ യേശു ആണ് ഞാൻ" എന്നരുളിചെയ്തു. തുടർന്ന് അവൻ ചെയ്യേണ്ടത് ആ കാഴ്ച നഷ്ടമായവനോട് യേശു നിർദ്ദേശിച്ചു. യഹോവയുടെ വഴിയിൽ എത്തേണ്ട ശൗൽ ദമസ്കോസിലേക്ക് തന്നെ പോകുവാൻ തീരുമാനിച്ചു. കാരണം തന്നെ പേർ ചൊല്ലി വിളിച്ചവൻ നിർദ്ദേശിച്ച സ്ഥലമാണ് ഇത്. യെറുശലേമിലേക്കു പോയാൽ തന്റെ തെരഞ്ഞടുപ്പ് നഷ്ടമായി പഴയവഴിയിലാകും. ഈ വഴിയിലെത്തേണ്ടവൻ ചെയ്യേണ്ട കാര്യങ്ങൾ ചെയ്യുവാനും നിർദ്ദേശങ്ങൾ നൽകുവാനും നീതിമാനായ അനന്യാസിനെ ആണ് യഹോവ അയച്ചത്. പഴയവഴി വിട്ട് എഴുന്നേറ്റവൻ, പാപങ്ങൾ കഴുകുവാൻ സ്നാനം ഏറ്റു, പരിശുദ്ധത്മ പൂർണ്ണനാകുവാൻ അനന്യാസ് തലയിൽ കൈവച്ച് പ്രാർത്ഥിക്കുകയും ചെയ്തു യഹോവയുടെ വഴി എന്ന യഥാർത്ഥ ട്രാക്കിലെത്തിയ വ്യക്തി ചെയ്യേണ്ട കാര്യങ്ങൾ എന്തെല്ലാം?



യഥാർത്ഥ ട്രാക്കിലെ ഓട്ടക്കാരെപ്പോലെ തന്നെ ആത്മീയ ഓട്ടക്കാർക്കും നിയമങ്ങൾ, പരിശീലനം എല്ലാം ഉണ്ട്, എന്താണ് ആത്മീയ ഓട്ടക്കാർ അറിയേണ്ടത് ?

1. **<u>ആത്മീയ അടിസ്ഥാനം ഉണ്ടാകണം.</u>**

ദൈവവചനമായിരിക്കണം അടിസ്ഥാനം മനുഷ്യരുടെ വാക്കുകൾ ശ്രദ്ധിക്കരുത്. ദൈവവചനമാണ് നമ്മുടെ ജീവന്റെ അടിസ്ഥാനം. മനുഷ്യരുടെ വാക്കുകേൾക്കുന്നവൻ ദൈവത്തിന്റെ ദാസനല്ല. വചനം ഉള്ളിലുള്ളവൻ വിശ്വാസത്തിലുറച്ചവനാകയും, പോസിറ്റീവായി ചിന്തിയ്ക്കുകയും ചെയ്യുന്നു. ഭാഗീക വിശ്വാസം, താല്കാലിക വിശ്വാസം, പൂർണ്ണ വിശ്വാസം, ഇങ്ങനെയുള്ള പലതരം വിശ്വാസങ്ങൾ ആത്മീയ ലോകത്തുണ്ട് വിശ്വാസാടി

സ്ഥാനം ഉറച്ചവർ മാത്രമേ പൂർണ്ണ വിശ്വാസികൾ ആകുന്നുള്ളു, പൂർണ്ണ വിശ്വാസത്തോടെ നമുക്ക് ഈ വഴിയിലെത്തുവാൻ കഴിയട്ടെ.

2. **ഭക്ഷണം കഴിച്ച് ബലം പ്രാപിക്കണം** (അപ്പോ. പ്ര 9:22)

ഭക്ഷണം കഴിച്ച് മേല്ക്കുമേൽ ബലം ഓട്ടക്കാർ പ്രാപിക്കും പോലെ ആത്മീയ ഓട്ടക്കളത്തിലുള്ളവർ വചനം എന്ന ഭക്ഷണം കണ്ടെത്തി ഭക്ഷിക്കുക മാത്രമല്ല യേശു തന്നെ കർത്താവ് എന്ന് ശൗൽ തെളിയിച്ചതു പോലെ തെളിയിക്കുകയും വേണം. ഇത് ആത്മീയ ഓട്ടത്തിൽ നമുക്ക് മേല്ക്കുമേൽ ബലം പ്രാപിപ്പാൻ സഹായിക്കുന്നു.

3. **പരിശീലനം മുടക്കരുത്**




യഹോവയുടെ വഴിയിൽ മടിയന്മാർക്ക് സ്ഥാനമില്ല, കാരണം "A lazymind is the workshop of the devil" വിളിച്ചിറക്കിയപ്പോൾ തന്നെ അവന്റെ പരിശീലനം കഠിനമാണെന്ന് അറിയിച്ചിരുന്നു. കാരണം "എന്റെ നാമത്തിനു വേണ്ടിയാണ് അവൻ കഷ്ടം അനുഭവിക്കുന്നത്" എന്ന് Acts (9:15) ൽ കാണുന്നു. ക്രിസ്തുവിനു വേണ്ടി കഷ്ടതയോ, പഴിദുഷികളോ എന്ത് സഹിച്ചാലും നാം ഭാഗ്യമുള്ളവരാണ്. 2 കൊരി (11:23-29) യുള്ള ഭാഗത്ത് പരിശീലനത്തിന്റെ കഠിനത നമുക്ക് കാണാം. വിജയത്തിന്റെ അടിസ്ഥാനം കഠിന പരിശീലനമാണ്.

4. **സത്യസന്ധത**

തന്റേതല്ലാത്ത കാരണത്താൽ ഒളിംപിക്സ് ലോകചരിത്രത്തിലെ triple -triple കിരീടം നഷ്ടമായ Ussain Bolt സ്വർണ്ണമെഡൽ മടക്കി നൽകി എന്നറിയുകയുണ്ടായി. തെറ്റ്തിരുത്താൻ മനസ്സുള്ളതിനാലാണ് ( 4X100) ൽ നഷ്ടമായ സമ്മാനം മടക്കി നൽകിയത്. അപ്പോ:പ്ര(26:24,25) വാക്യങ്ങളിൽ വിദ്യാബാഹുല്യത്തിൽ ഭ്രാന്തനായി എന്ന് പൗലോസിനെ വിളിക്കുമ്പോൾ അത് ഖണ്ഡിച്ച് സത്യവചനം പറയുന്നത് ധൈര്യം, സത്യസന്ധത ഇവ ഉള്ള ആളായതിനാലാണ്.

5. **Coach നോട് നിരന്തരസമ്പർക്കമുണ്ടാകണം**

ഈ സമ്പർക്കമാണ് പ്രാർത്ഥന

മൂന്നുനേരം പ്രാർത്ഥിക്കണമെന്ന് - ദാനി (6:10) ലും രാവും പകലും പ്രാർഥിക്കണമെന്ന് - നെഹ (1:6) ലും മടുത്തു പോകാതെ പ്രാർഥിക്കണമെന്ന് - ലൂക്കോ (18:1) ലും ഇടവിടാതെ പ്രാർത്ഥിക്കണമെന്ന് - 1 തെസ്സ (5:17) ലും കാണുന്നു.

6. **ലക്ഷ്യത്തിലെത്താൻ മറ്റുള്ളവരെ കൂട്ടണം**

ഓട്ടക്കളത്തിൽ ഓടേണ്ടവന്, പരിശീലനത്തിലും തന്നോടൊപ്പം ഓടുവാൻ ആളുകൾ ഉള്ളതാണ് നല്ലത്. ആത്മീയ ഓട്ടക്കളത്തിൽ ഓടുന്നവന് ഒരു പ്രത്യേകതയുണ്ട് തന്നോ

ടൊപ്പം ഓടുന്ന എല്ലാവരേയും പ്രാപിപ്പാനായി ഓടുന്നവരാക്കുവാൻ കഴിയും. അതിനുള്ള നിർദ്ദേശങ്ങൾ തരുന്നവനാണ് നമ്മോടൊപ്പമുള്ള പരിശുദ്ധാത്മാവ്. പൗലോസിന് തന്റെ കാഠിന്യമുള്ള പരിശീലനഘട്ടത്തിലും (കാരാഗൃഹവാസത്തിലും, കപ്പൽയാത്രയിലും, ദ്വീപുവാസ ത്തിലും) കൂടെയുള്ളവരെ നേടുവാൻ ദൈവം കൃപചെയ്തു.

Please read Acts : (16:19-34)

and (27: 23,24), (28:1-9)

7. **<u>ഹൃദയം കർത്താവിന് നൽകുക</u>**

(മകനേ, നിന്റെ ഹൃദയം എനിക്ക് തരിക)

"My son, give me your heart" - (Proverbs 23:26)

Read - Proverbs (26:12, 15)

ഈ ശബ്ദം നാം കേൾക്കാറുണ്ടോ? ഹൃദയം പ്രബോധനത്തിനും , ചെവി പരിജ്ഞാനത്തിന വചനങ്ങൾക്കായും സമർപ്പിക്കണം.. നമ്മുടെ ഹൃദയം പരിജ്ഞാനത്തെ പഠിച്ചാൽ ഹൃദയം തരിക എന്ന് പറഞ്ഞ പിതാവ് സന്തോഷിക്കും. എന്നാൽ ഇന്ന് ജനം ബഹുമാനിക്കന്നു എന്ന് ഭാവിക്കുകയും ഹൃദയം കൊണ്ട് അകന്നു നിലക്കുകയുമാണ്.

ഈ സപ്തപ്രമാണങ്ങൾ (7എണ്ണം) അനുസരിച്ച് നമുക്ക് ഓടുവാൻ കഴി ഞ്ഞാൽ പൗലോസിനെപ്പോലെ നമുക്ക് പറയുവാൻ കഴിയും "ഞാൻ നല്ലപോർ പൊരുതു, ഓട്ടം തികച്ചു, വിശ്വാസം കാത്തു ഇനി നീതിയുടെ കിരീടം എനിക്കായി വച്ചിരിക്കുന്നു, (2 തിമൊ:4:8) യഹോവയുടെ വഴിയിൽ എത്തപ്പെടാൻ കഴിയാത്തവർ നീതിയും, നേരും നിഷ്ക്ക ളങ്കത്വവും ഉള്ളവരായിത്തീരുവാൻ ശ്രമിക്കയും, തെരഞ്ഞടുപ്പ് ലഭിപ്പാനായി പ്രാർത്ഥിക്കു കയും ചെയ്യുക. വെളിച്ചം മാത്രം കാണുന്നവരല്ല, പൗലോസിനെപ്പോലെ വെളിച്ചം കാണു കയും ശബ്ദം കേൾക്കുകയും ചെയ്യുന്ന വരാകുക. അപ്രകാരം പ്രാപിപ്പാനുള്ള ഓട്ടം പൂർത്തിയാക്കുവാൻ ദൈവം സഹായിക്കട്ടെ.

Santhamma Varghese

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind